കഴിയും വിധമാണ് ഉല്പാദനം ക്രമീകരിച്ചിരിച്ചിട്ടുള്ളത്. ഇപ്പോൾ ഉണ്ടായിട്ടുള്ള ഈ പ്രത്യേക പ്രതിസന്ധി കാണിച്ച് തമിഴ്നാട് വൈദ്യുതി മന്ത്രിയ്ക്കും ഇറിഗേഷൻ മന്ത്രിയ്ക്കും ഞാൻ കത്തയക്കുകയും അവരുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ബോർഡിലെ ട്രാൻസ്മിഷൻ അംഗം തമിഴ്നാട്ടിൽപോയി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തിയിട്ടുണ്ട്. സംസ്ഥാന ചീഫ് സെക്രട്ടറി തന്നെ തമിഴ്നാട് ചീഫ് സെക്രട്ടറിയെ ടെലിഫോണിൽ വിളിച്ച് ഈ കാര്യം ഗൗരവമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ സെക്രട്ടറിയും ബന്ധപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വെള്ളം ലഭിക്കാത്ത സാഹചര്യത്തിലെ പ്രയാസം ആ പ്രദേശത്തെ ജനങ്ങളിൽ വളരെയേറെ വിഷമം സൃഷ്ടിച്ചിട്ടുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇതു പ്രകാരം, ഏതു രൂപത്തിൽ, യുദ്ധകാലാടിസ്ഥാനത്തിൽ, പരിഹരിക്കുവാൻ കഴിയുമെന്നുള്ള കാര്യം ഒന്നുകൂടി ഈ സാഹചര്യങ്ങൾ പരിഗണിച്ച് ചിന്തിച്ച് തീരുമാനമെടുക്കുന്നതാണ്.

(33) ഊർങ്ങാട്ടിരി പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : എന്റെ നിയോജക മണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ പദ്ധതി വിഹിതം ചെലവാക്കുവാൻ സർക്കാരിൽ നിന്ന് താല്ക്കാലികമായ നിരോധന ഉത്തരവ് ഉണ്ടായതുമൂലം ആ പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം കഷ്ടതകൾ അനുഭവിക്കുകയാണ്. വനിതാ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ളവർ ഇന്നലെ തലസ്ഥാന നഗരിയിൽ ധർണ നടത്തുകയുണ്ടായി. കുടിയേറ്റ കർഷകരും ആദിവാസികളും അതുപോലെ ധാരാളം പട്ടികജാതി കോളനിയുമുള്ള ആ പ്രദേശത്ത് താൽക്കാലികമായി ഗവൺമെന്റ് ഏർപ്പെടുത്തിയ നിരോധന ഉത്തരവ് പിൻവലിച്ചുകൊണ്ട് ആ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമായ അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി പദ്ധതി രേഖ രണ്ടുവിധത്തിൽ അച്ചടിക്കുന്നതിന് കൂട്ടു നിന്ന് എന്നും പഞ്ചായത്ത് ഫണ്ട് ചെലവാക്കുന്നതിൽ ക്രമക്കേടുകൾ കാണിച്ചു എന്നും പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുണ്ട് എന്നുള്ള മലപ്പുറം ഡി. ഡി. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതും ഇപ്പോൾ സ്പീൽഓവറിൽ നിൽക്കുന്നതുമായ പ്രവൃത്തികൾ ഒഴികെ 1999-2000 വർഷത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം താല്ക്കാലികമായി നിർത്തിവയ്ക്കുവാൻ 8-9-1999-ൽ സർക്കാർ ഉത്തരവ് കൊടുത്തു. അതിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് തരുന്നതിനുവേണ്ടി കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly